
JANUARY
2025



# THE BIBLE TRUTH
# ബൈബിൾ ട്രൂത്ത്

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 48** | **January 2025** | **No.12**

## എഡിറ്റോറിയൽ

ആധുനിക യുഗത്തിൽ ആളുകൾ ആഘോഷങ്ങളിൽ താൽപര്യം കാണിക്കുന്നത് തികച്ചും വ്യത്യസ്തമായ നിലയിലാണ്. പണ്ടും ആളുകൾ ആഘോഷങ്ങൾ നടത്തിയിരുന്നു. അതിൽ നിന്നും വിഭിന്നമായ വിധത്തിൽ ആഘോഷങ്ങൾ നടത്തുന്നു എന്നു പറയുമ്പോൾ ഇന്നു നടക്കുന്നതു കൂടുതലും ആഡംബര ആഘോഷങ്ങളാണ്. ചിലത് അതിര് കവിഞ്ഞ രീതിയിൽ പോകാറുണ്ട്. യുവതീയുവാക്കൾ അവരുടെ അഭിരുചിക്കനുസരിച്ച് അവ മാറ്റം വരുത്താൻ ആഗ്രഹിക്കുന്നു. എന്നാൽ പ്രായമായവർ തങ്ങളുടെ പഴയസ്മരണ നിലനിർത്തുവാൻ ആഗ്രഹിക്കുന്നു. ആഘോഷങ്ങൾ പലതുണ്ട്. ഓരോ രാജ്യത്തിനും തനതായ ചടങ്ങുകളുണ്ട്. ദൈവജനമായിരുന്ന യിസ്രായേൽ ദൈവസന്നിധിയിൽ വന്ന് ആഘോഷിക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. അവർക്ക് ഒരു ജയം ലഭിച്ചാൽ അതിന് നന്ദി കരേറ്റുവാൻ അവർ ജയോത്സവം കൊണ്ടാടിയിരുന്നു. നൃത്തവും വാദ്യാഘോഷങ്ങളുമായിട്ടാണ് അവർ ഇത് പ്രകടിപ്പിച്ചിരുന്നത്. ഇത് അവർ വളരെ മാന്യതയോടെയാണ് ചെയ്തു വന്നിരുന്നത്. പക്ഷേ അന്നത്തെ ആഘോഷങ്ങളെല്ലാം അവരുടെ മാനസികാവസ്ഥയെ ശക്തിപ്പെടുത്തുന്ന ഒന്നായിരുന്നു.

ആഘോഷ വേളകൾ അക്രമത്തിനും അനീതിക്കും ആയി പാപത്തിനുള്ള ഒരവസരമായി അതിനെ മാറ്റുന്നവർ ഉണ്ട്. വ്യക്തിവൈരാഗ്യം തീർക്കുവാനുള്ള അവസരമായി കാണാറുണ്ട്. എല്ലാവരും ഒത്തു ചേർന്ന്

ആഘോഷത്തിൽ ലയിക്കുമ്പോഴാണ് സാമൂഹ്യ വിരുദ്ധർക്ക് അവസരം ഒരുങ്ങുന്നത്. ഐതിഹ്യങ്ങളുടെയും കെട്ടുകഥകളുടെയും പേരിൽ ഒരു പാട് ആഘോഷങ്ങൾ നടക്കുന്നുണ്ട്. ഒരുപാട് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇതിനോടൊപ്പം നടക്കുന്നു. അവയിൽ പങ്കെടുക്കുന്ന പലർക്കും അതിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് വലിയ ജ്ഞാനമൊന്നുമുണ്ടാകുകയില്ല. എങ്കിലും അവർ ആഘോഷിക്കുന്നു. കടം വാങ്ങി ആഘോഷങ്ങൾ നടത്തുന്നവരും ഉണ്ട്. മനസ്സിന്റ കുളിർമ്മയ്ക്കു വേണ്ടി മദ്യപിക്കുന്നവരില്ലേ, അവരെപ്പോല തന്നെ ഇവരും. അവസാനം എന്താണ് ഫലം? മാനഹാനിയും പണനഷ്ടവും ആണ്. ദൈവം മനുഷ്യന് ബുദ്ധി തന്നിട്ടുള്ളത് ശരിയായി  ഉപയോഗിക്കുന്നതിനാണ്. പാഴായിപ്പോകുന്ന സമയം, വൃഥാ അദ്ധ്വാനം എന്നിവ നഷ്ടമായി തീരുന്നു. എല്ലാം കഴിഞ്ഞ് ഒന്ന് തിരിഞ്ഞു നോക്കിയാൽ ശൂന്യതയാണ് തോന്നുന്നത്. ധാരാളം നല്ല കാര്യങ്ങൾക്കായി മനസ്സിനെ തിരിച്ചുവിട്ടാൽ പ്രയോജനം നമുക്കും മറ്റു പലർക്കും ലഭിക്കും. അത്തരത്തിൽ ഈ ആഘോഷങ്ങളെ തിരിച്ചുവിടുവാൻ യുവ തലമുറ തയ്യാറാകണം.

ഒരു ദേശത്തെയോ സമൂഹത്തെയോ ഒന്നിച്ച് നിർത്തുവാൻ പറ്റിയ രീതിയിൽ ദൈവോദ്ദേശപരമായി എല്ലാവരും ചിന്തിക്കണം. ആത്മിയ സത്യത്തെ ചിത്രീകരിക്കുന്ന രീതിയിലേക്ക് അവ ഉപയോഗപ്പെടുത്തണം. ധാർമ്മിക മൂല്യം പ്രായോഗികമായി തീർക്കണം. കലർപ്പില്ലാത്ത സ്നേഹം അന്യോന്യം പകരുന്ന, പങ്കിടുന്ന ആഘോഷം കൊണ്ടാടിയാൽ അതു ഉപകാരപ്രദമായിരിക്കും.

ദൈവ വചനത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ആഘോഷമോ ആചാരമോ അനുഷ്ഠിച്ചതുകൊണ്ട് ദൈവത്തിൽ നിന്നും ഒരു ഗുണവും ലഭിക്കുകയില്ല. ദൈവഹിതം വെളപ്പെടുത്തിയിരിക്കുന്നത് വേദപുസ്തകത്തിലാണ്. തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിന് അപ്പുറമായി നാം ചിന്തിക്കരുത്. നമ്മുടെ ജീവനും രക്ഷയ്ക്കും വേണ്ടതെല്ലാം ബൈബിളിൽ എഴുതിയിട്ടുണ്ട്. അതിൽ നാം തൃപ്തിപ്പെടണം. ദൈവത്തിന്റെ മനുഷ്യർക്ക് ആർക്കുമില്ല. പരമാധികാരി ദൈവമാണ്. അത് ഏവരും  തിരച്ചറിയണം.

★

# “ഇത്ര വലിയ രക്ഷയെ അഗണ്യമായി അവഗണിച്ചാൽ”

ക്ലെം തർമാൻ

“അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകി പോകാതിരിക്കേണ്ടതിന് കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു. ദൂതന്മാർ മുഖാന്തരം അരുളിചെയ്ത വചനം സ്ഥിരമായിരിക്കുകയും ഓരോരോ ലംഘനത്തിനും അനുസരണക്കേടിനും ന്യായമായ പ്രതിഫലം ലഭിക്കുകയും ചെയ്തു എങ്കിൽ കർത്താവ് താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ച് തന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയൽ എങ്ങനെ തെറ്റി ഒഴിയും” (എബ്രായർ 2:1-3). മോശെക്ക് ദൈവം കൊടുത്ത വചനവും ക്രിസ്തു മുഖാന്തരം സർവ്വ ലോകത്തിനുമായി നൽകിയ വചനവും തമ്മിലുള്ള താരതമ്യം നടത്തിയ ശേഷമാണ് പറഞ്ഞത് സുവിശേഷം എന്നതു വലിയ രക്ഷയുടെ സന്ദേശമെന്ന്.

ബൈബിളിൽ വേറെ പല രക്ഷയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. പക്ഷേ, അവയൊന്നും ക്രിസ്ത്യാനിക്ക് ലഭിക്കുന്ന രക്ഷയുമായി താരതമ്യം ചെയ്യാവുന്നതല്ല. നോഹയും കുടുംബവും പെട്ടകത്തിൽ രക്ഷപ്പെട്ടു എന്നത് തീർച്ചയാണ്. മറ്റെല്ലാവരും വെള്ളത്തിൽ നശിച്ചു പോയപ്പോൾ അവർ പുറത്തിറങ്ങി വന്നതു ശുദ്ധവും പുതിയതുമായ ഒരു ലോകത്തേക്കാണ് (ഉത്പത്തി 6,7,8; പത്രോസ്3:20-21). മിസ്രയീം അടിമത്വത്തിൽ നിന്ന് ഇസ്രായേൽ ജനത്തിന് രക്ഷ കിട്ടി. ചെങ്കടലിൽ കൂടെ നടന്ന് മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റ് മോശെയോട് ചേർന്നു (1 കൊരിന്ത്യർ 10: 1-4). അവരെ വിടുവിച്ചതിന്റെ സന്തോഷമായിരുന്നു അവരുടെ വിജയ ഗീതങ്ങളിൽ ഉണ്ടായിരുന്നത് (പുറപ്പാട് 15). പക്ഷേ ആ രക്ഷയൊന്നും ക്രിസ്തീയ യുഗത്തിൽ ലഭിക്കുന്ന മഹത്തായ രക്ഷയുമായി താരതമ്യം ചെയ്യാവുന്നതല്ല. പ്രവാചകന്മാർ അതിനെക്കുറിച്ച് മുമ്പുകൂട്ടി സൂചിപ്പിച്ചപ്പോൾ ഏതോ എങ്ങനെയുള്ളതോ എന്നു ആരാഞ്ഞു നോക്കി (1 പത്രോസ് 1: 10-11). ഈ രക്ഷ വലുതാകാൻ അനേകം കാര

ണങ്ങൾ ഉണ്ട്.

## അത് പാപത്തിൽ നിന്നുള്ള രക്ഷയാണ്

ആദാമിനെയും ഹവ്വയെയും ആദ്യം ഏദെൻ തോട്ടത്തിലാക്കിയപ്പോൾ അവർ പാപരഹിതരായിരുന്നു. അവർ നിർമ്മലരും ദൈവത്തോട് കൂട്ടായ്മയുള്ളവരും ആയിരുന്നു. പാപത്തിന് മാത്രമേ ആ ബന്ധം ഉലക്കുവാൻ കഴിയൂ എന്ന് സാത്താന് അറിയാമായിരുന്നു. അങ്ങനെ മനുഷ്യനെ അതിനായി വഞ്ചിക്കുകയും തൽഫലമായി തോട്ടത്തിൽ നിന്നു പുറത്താക്കുകയും ചെയ്തു. ''നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിക്കുന്നത്; നിങ്ങളുടെ പാപങ്ങളത്രേ അവൻ കേൾക്കാതെ വണ്ണം അവന്റെ മുഖത്തെ നിങ്ങൾക്ക് മറെക്കുമാറാക്കിയത്'' (യെശയ്യാവ് 59:2). ആദാമിന്റെ പാപം നിമിത്തം നാം എല്ലാവരും പാപം ചെയ്യുന്നവരായിത്തീർന്നു. ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്ത് ദൈവതേജസ് ഇല്ലാത്തവരായിത്തീർന്നു (റോമർ 3:10-23). പാപംചെയ്യുന്ന ദേഹി മരിക്കും (റോമർ 6:23; യെഹസ്കേൽ 18:20)

പാപത്തിന്റെ ഫലമായ ശിക്ഷയെക്കുറിച്ച് അറിവുണ്ടായിരുന്നതുകൊണ്ടാണ് യേശു സ്വർഗ്ഗം വിട്ടു ഭൂമിയിലേക്ക് വന്നത്. അവന്റെ വരവിന്റെ ഉദ്ദേശ്യം മനുഷ്യപുത്രൻ കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനത്രേ വന്നത് (ലൂക്കോസ് 19:10). പാപികളെ രക്ഷിക്കുന്നതിനാണ് യേശു വന്നത് (1 തിമൊഥെയോസ് 1:15). സകല മനുഷ്യർക്കും വേണ്ടി മരണം ആസ്വദിക്കുവാൻ അവൻ ക്രൂശിലേക്ക് പോയി (എബ്രായർ 2:9). നാം നമ്മുടെ പാപങ്ങൾ നിമിത്തം മരിക്കേണ്ട സ്ഥാനത്ത് അവൻ നമുക്കുവേണ്ടി അതു ചെയ്തു. ഉയിർത്തെഴന്നേറ്റയുടനെ ക്രിസ്തു അപ്പോസ്തോലന്മാരോട് ആ മഹത്തായ സുവിശേഷം സർവ്വ ലോകത്തിലും പ്രസംഗിക്കുവാൻ ആജ്ഞാപിച്ചു (മത്തായി 28:19); മർക്കോസ് 16:15-16).

അപ്പോസ്തോലന്മാർ ഈ വചനം സംസാരിച്ചു കൊണ്ട് എല്ലായിടത്തും സഞ്ചരിച്ചു. യെരൂശലേമിൽ വെച്ച് യഹൂദന്മാരോട് ഈ മഹത്തായ സുവിശേഷം പ്രസംഗിച്ചു. അത് കേട്ടവർ ചോദിച്ചു: സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടൂ? എന്ന്. അതിനു പത്രോസ് പറഞ്ഞു: നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് നിങ്ങ

ളുടെ പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്ന് പറഞ്ഞു (പ്രവൃത്തി 2:38).

### കേട്ടവർ അത് നമുക്ക് ഉറപ്പിച്ച് തന്നു

കർത്താവ് സംസാരിച്ചതും അപ്പോസ്തോലന്മാർ കേട്ടതും നമുക്ക് ഉറപ്പിച്ചു തന്നു (എബ്രായർ 2:3). പത്രോസും ശേഷം അപ്പോസ്തോലന്മാരും പെന്തക്കോസ്തു നാളിൽ യേരൂശലേമിൽ വെച്ച് പ്രസംഗിച്ചപ്പോൾ പറഞ്ഞത്: "ഇവയ്ക്കു ഞങ്ങൾ സാക്ഷികൾ ആകുന്നു" എന്നത്രേ (പ്രവൃത്തി 2:32). യേശുക്രിസ്തു അപ്പോസ്തോലന്മാർക്ക് കൊടുത്ത സന്ദേശമാണ് അവർ സംസാരിച്ചത്. പത്രോസ് പറഞ്ഞത്: "ഞങ്ങൾ നമ്മുടെ കർത്തവായ യേശുക്രിസ്തുവിന്റെ ശക്തിയും പ്രത്യക്ഷതയും നിങ്ങളോട് അറിയിച്ചത് നിർമ്മിത കഥകളെ പ്രമാണിച്ചിട്ടല്ല അവന്റെ മഹിമ കണ്ട സാക്ഷികളായി തീർന്നിട്ടത്രേ" (2 പത്രോസ് 1:16).

സകല സത്യത്തിലും വഴി നടത്തേണ്ടതിന് അപ്പോസ്തോലന്മാർക്ക് കർത്താവ് പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തിരുന്നു (യോഹന്നാൻ 16:13). പൗലോസ് പറഞ്ഞു: അതു ഞങ്ങൾ മാനുഷിക ജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചുകൊണ്ട് ആത്മികമായത് തെളിയിക്കുന്നു എന്നാണ് (1 കൊരിന്ത്യർ 2:13). അവർ സംസാരിച്ച രക്ഷാ സന്ദേശം അവരിൽ നിന്നോ മറ്റു മനുഷരിൽ നിന്നോ വന്നതായിരുന്നില്ല; ദൈവത്തിൽ നിന്നു വന്നതായിരുന്നു. തെസലോനിക്യയിലുള്ള അപ്പോസ്തോലന്മാരുടെ വചനങ്ങൾ കേട്ടതു സാക്ഷാൽ ദൈവ വചനമായിട്ടാണ് എന്നു പൗലോസ് വ്യക്തമാക്കിയിട്ടുണ്ട് (1 തെസലോനിക്യർ 2:13).

എങ്ങനെയാണ് അപ്പോസ്തോലന്മാർ ആ വചനത്തെ നമുക്ക് ഉറപ്പിച്ചു തന്നത്? പരിശുദ്ധാത്മാവിന്റെ വരങ്ങളാലും, ശക്തിയാലും, അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലുമാണ് അത് നമുക്ക് ഉറപ്പിച്ചു തരുന്നത്. യേശു ദൈവ പുത്രനാണെന്ന് ആളുകൾ തറപ്പിച്ചു വിശ്വസിക്കേണ്ടതിനായിരുന്നു യേശുക്രിസ്തു ചെയ്ത അത്ഭുതങ്ങൾ. (യോഹന്നാൻ 20:30-31). അതു കൊണ്ട് അപ്പോസ്തോലന്മാരുടെ കയ്യാൽ നടന്ന അത്ഭുതങ്ങൾ, അവർ സംസാരിച്ച വചനങ്ങൾ കർത്താവിൽ നിന്നാണെന്ന്

തെളിയിച്ചു (മർക്കോസ് 16:20). യേശു അപ്പോസ്തോലന്മാരോട് പറഞ്ഞു: നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു എന്നാണ് (ലൂക്കോസ് 10:16).

★

# ഒരു പുതിയ ഹൃദയം മനുഷ്യന് ആവശ്യമാണ്

**ക്ലെം തർമാൻ**

**(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)**

★ ഒരു ഭരണാധികാരിയുടെ മുൻപിൽ വീണു നമസ്കരിക്കുക എന്ന അർത്ഥമാണ് ആരാധന എന്നതിന് ഉപയോഗിക്കുന്ന പൊതുവായ വാക്കായ പ്രോസ്ക്കുനെയോ എന്നതിനുള്ളത്. അങ്ങനെ അബ്രഹാം തുടങ്ങിയ പിതാക്കന്മാർ ദൈവ മുൻപാകെ പ്രകടിപ്പിച്ചത് ഭൗതിക ആദരവാണ്.

★ ഭൗതിക യിസ്രായേൽ ദേശവുമായ പ്രവർത്തിക്കുമ്പോൾ ദൈവം, ആരധനയെ ഭൗതികം കുറച്ചും ആത്മികം കൂടുതലും എന്ന നിലവാരത്തിലേക്ക് ഉയർത്തി. പെരുന്നാളുകളിൽ യെരൂശലേം ദേവാലയത്തിൽ ആളുകൾ കൂടി വന്ന് ആഘോഷങ്ങളിൽ പങ്കെടുക്കുന്ന ഒന്നായിരുന്നു പഴയനിയമത്തിൻ കീഴിലെ ആരാധന.

★ നിശ്ചയിച്ച സ്ഥലത്തോ സമയത്തോ പെരുന്നാളുകളിൽ പങ്കെടുക്കുന്ന ഒന്നല്ല പുതിയ നിയമത്തിലെ നമസ്കാരം. ആരാധന ആന്തരികമായി തീർന്നു. ദൈവത്തിന്റെ ആത്മീയ സിംഹാസനത്തിന് മുൻപിൽ ക്രിസ്ത്യാനികൾ മുഴുവൻ സമവും ആത്മാവിൽ നമസ്കരിക്കുകയാണ്.

★ പുരോഹിതിന്മാരാൽ കർത്താവിന് അർപ്പിക്കപ്പെടേണ്ട യാഗങ്ങളാണ് ശുശ്രൂഷ. അതുകൊണ്ടാണ് പഴയ നിയമ പുരോഹിതന്മാർ യിസ്രായേലിൽ വിവിധ യാഗങ്ങളും വഴിപാടുകളും യാഗ പീഠത്തിൽ അർപ്പിച്ചിരുന്നത്.

★ പുതിയ നിയമത്തിൻ കീഴിൽ എല്ലാ ക്രിസ്ത്യാനികളും പുരോഹിതന്മാരാണ്. തങ്ങളുടെ ശരീരങ്ങൾ എപ്പോഴും ജീവനുള്ള യാഗമായി ദൈവിക ശുശ്രൂഷ നടത്തണം.

★ പഴയ നിയമ കാലത്ത് ജനങ്ങൾ ആരാധിക്കുകയും പുരോഹിതന്മാർ ശുശ്രൂഷ ചെയ്യുകയുമാണ് ചെയ്തിരുന്നത്. പുതിയ നിയമ കാലത്ത് ഓരോ ക്രിസ്ത്യാനിയും ജനവും പുരോഹിതന്മാരുമാണ്. അവർ ഓരോരുത്തരും ആന്തരികമായി എപ്പോഴും ദൈവത്തെ നമസ്കരിക്കുകയും ബാഹ്യമായി മുഴുവൻ സമയവും ശുശ്രൂഷിക്കുകയും ചെയ്യുന്നു.

★ "പരസ്യാരാധനയുടെ വഴികൾ" എന്ന് പറയപ്പെടുന്ന ഒന്ന് വചനപ്രകാരം നോക്കിയാൽ അത് ശുശ്രൂഷയായി കണക്കാക്കാം. നമസ്കാരമല്ല, ബാഹ്യമനുഷ്യൻ ചെയ്യുന്ന ആത്മിക യാഗങ്ങളാണ് അവ.

★ ഉപകരണങ്ങൾ ഉപയോഗിക്കുന്നതോ അതുമായി ബന്ധപ്പെടുന്നതോ ആരാധനയല്ല. പാട്ടു പാടുന്നത് ദൈവിക ശുശ്രൂഷയാണ്.

★ യെഹൂദന്മാർക്ക് ശബ്ബത്ത് ദിനാരാധന ഏന്നതു തിരുവെഴുത്തിൽ ഇല്ല. ക്രിസ്ത്യാനികൾക്ക് കരതൃദിനാരാധന എന്നും ബൈബിളിൽ പറഞ്ഞിട്ടില്ല. യെഹൂദന്മാർ സദസ്സിൽ കൂടി വന്നത് ന്യായപ്രമാണം വായിച്ച് കേൾക്കുന്നതിനാണ്. ക്രിസ്ത്യാനികൾ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടി വന്നത് അപ്പം നുറുക്കുവാനും കൂട്ടായ്മ ആചരിക്കുവാനും അന്യോന്യം പ്രബോധിപ്പിക്കപ്പെടേണ്ടതിനുമാണ്. സൽപ്രവൃത്തികൾക്കുമായി തീരണം.

★ മനുഷ്യന്റെ ഉള്ളിൽ നിന്ന് ഹൃദയത്തിൽ നിന്നാണ് ദുഷ്ചിന്ത, വ്യഭിചാരം, പരദൂഷണം, അസൂയ, മൗഢ്യത എന്നിവ പുറപ്പെടുന്നത്.

★ ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേൽക്കുമ്പോൾ മനുഷ്യനെ വഞ്ചിക്കുന്ന പഴയ ഹൃദയത്തെ മാറ്റി, പാപ സംബന്ധമായ ശരീരത്തെ കൂശീകരിച്ച് ഒരു പുതിയ ഹൃദയം തന്ന് പുതിയ സൃഷ്ടിയാക്കി മാറ്റുന്നു. അത് ദൈവത്തിന്റെ വിശുദ്ധഹിതം നിറവേറ്റുവാനാണ്.

★ ഈ പുതിയ മനുഷ്യൻ പുതിയ ഹൃദയത്താൽ ദൈവത്തെ എപ്പോഴും ആരാധിക്കുന്നു. യേശു തന്റെ പിതാവുമായി പുലർത്തി കാണിച്ചു തന്ന ആ ബന്ധം പോലെയാണത്.

★ ഈ പുതിയ ഹൃദയത്തിന് ലൗകികവും വിശുദ്ധവുമെന്ന വേർതിരിക്കുന്ന ജീവിതമല്ല ഉള്ളത്; ജീവിതത്തിന്റെ എല്ലാ വശവും എപ്പോഴും കർത്താവിന് വിശുദ്ധമായി ജീവിക്കും.

★ ഉപകരണങ്ങൾ ആരാധനയിൽ ഉപയോഗിക്കുന്നില്ലെങ്കിൽ ജീവിതത്തെ ലൗകികവും ആത്മികവും എന്നു വേർതിരിച്ചാൽ തന്നെ നമ്മുടെ ആത്മീയ നിലവാരം തരംതാഴുന്നു. നാം എപ്പോഴും ദൈവത്തെ നമസ്കരിക്കേണം. എപ്പോഴും ശുശ്രൂഷിക്കുകയും വേണം. ഒരു ക്രിസ്ത്യാനി തനിക്ക് കിട്ടിയ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യാതെ സൂക്ഷിക്കണം.

★ ഉപകരണങ്ങൾ ഉപയോഗിക്കുന്നവർ ശ്രദ്ധിക്കേണ്ടത് ആരാധനയാണ്. പരിഗണിക്കേണ്ടത് ആന്തരികമായ, ആത്മികമായ മനോഭാവമാണ്. വചനത്തെ മറികടന്നു പ്രവർത്തിക്കാൻ ദൈവം ആരെയും അനുവദിക്കുന്നില്ല. സ്വാതന്ത്ര്യം ഐക്യതക്കു വിഘാതം വരുത്തുന്ന എന്തു തന്നെയായാലും അത് ഉപേക്ഷിക്കണം. ദൈവത്തിന് നാം എല്ലാം കീഴ്പ്പെടണം. അധർമ്മം,സ്വാതന്ത്ര്യത്തിന്റെ ലൈസൻസായി കണക്കാക്കരുത്.

★ ദൈവം അന്വേഷിക്കുന്നത്, തന്നെ ആളുകൾ സത്യത്തിലും ആത്മാവിലും ആരാധിക്കുന്നുണ്ടോ എന്നാണ്.

★

# കർത്തൃമേശയുടെ ക്രമം

**ജെ. സി ചോട്ട്**

ക്രിസ്തു മരിച്ചു, അടക്കപ്പെട്ട്, ഉയിർത്തെഴുന്നേൽക്കുന്നതിന് മുമ്പ് തന്റെ ഓർമ്മയ്ക്കായി അവൻ കർതൃമേശ സ്ഥാപിച്ചു കൊടുത്തു. മിശ്രയീം അടിമത്വത്തിൽ ആയിരുന്ന ദൈവ ജനത്തെ വിടുവിച്ചു കൊണ്ടുവന്നതിന്റ ഓർമ്മയ്ക്കായി, സംഹാരദൂതൻ അവരെ കടന്നുപോയതിന്റെ ഓർമ്മയ്ക്കായി, വർഷത്തിലൊരിക്കൽ യിസ്രായേൽ മക്കൾ പെസഹ ആഘോഷിക്കുവാൻ യെരൂശലേമിൽ പോകുമായിരുന്നു. യേശുവും ശിഷ്യന്മാരും പെസഹ ആഘോഷിപ്പാൻ യെരൂശലേമിൽ പോയി. ഈ അവസരമാണ് യേശു തന്റെ അത്താഴം സ്ഥാപിച്ചു കൊടുത്തത്. അത് പിന്നീട് തന്റെ

ശിഷ്യന്മാർ ലോകത്തിൽ എവിടെ ആയിരുന്നാലും അവന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും യാഗത്തെ സ്മരിക്കുന്നതിനു വേണ്ടി ഭക്ഷിച്ചും പാനം ചെയ്തും വരുന്നു. തിരുവെഴുത്തു പറയുന്നത്: ''അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്ത് വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്ക് കൊടുത്തു; വാങ്ങി ഭക്ഷിപ്പിൻ; ഇത് എന്റെ ശരീരം എന്ന് പറഞ്ഞു. പിന്നെ പാനപാത്രം എടുത്ത് സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു. എല്ലാവരും ഇതിൽ നിന്നും കുടിപ്പിൻ. ഇത് അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന എന്റെ രക്തം; എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടു കൂടെ പുതുതായി കുടിക്കും നാൾ വരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽ നിന്നു ഇനി കുടിക്കുകയില്ല എന്ന് ഞാൻ നിങ്ങളോട് പറയുന്നു എന്നു പറഞ്ഞു'' (മത്തായി 26:26–29).

ഈ സമയത്തു യേശു ക്രൂശിൽ മരിച്ചിട്ടില്ല എന്നോർക്കണം. എന്നാൽ അവന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേൽപ് എന്നിവക്കു ശേഷം അവന്റെ ഓർമ്മയയ്ക്കായി ചെയ്യുവാൻ സ്ഥാപിച്ചു കൊടുത്തതാണ് കരത്തൃമേശ. തന്റെ പിതാവിന്റെ രാജ്യത്തിൽ താൻ പുതുതായി പങ്കെടുക്കുന്നതുവരെ ഇനി അവരുമായി കർതൃമേശയിൽ നിന്നു പങ്കിടുകയില്ല എന്നും അവൻ പറഞ്ഞത് ശ്രദ്ധിക്കുക. രാജ്യം അഥവാ സഭ അപ്പോൾ നിലവിൽ വന്നിട്ടില്ലായിരുന്നു. അവന്റെ ഉയിർത്തെഴുന്നേൽപിനു ശേഷം അത് നിലവിൽ വരികയും ചെയ്തു. പ്രവൃത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ വിവരിച്ചതു പോലെ പെന്തക്കോസ്തു നാളിൽ സഭ ആരംഭിച്ചു. അന്നു മുതൽ തന്റെ ശിഷ്യന്മാർ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ കർതൃമേശയിൽ നിന്നു പങ്കിടുമ്പോൾ കർത്താവിന്റെ ആത്മിയ സാമീപ്യവും പങ്കെടുക്കലും അന്നു മുതൽ ഇന്നു വരെ തുടരുന്നു.

ഒരിക്കൽ യേശു പറഞ്ഞു: ഞാൻ ജീവന്റെ അപ്പമാകുന്നു; നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ തിന്നിട്ടും മരിച്ചുവല്ലോ. ഇത് തിന്നുന്നവർ മരിക്കാതിരിക്കേണ്ടതിന് സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്ന അപ്പം ആകുന്നു. സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും; ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനു വേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു. ആകയാൽ യെഹൂദന്മാർ; നമുക്കു തന്റെ മാംസം തിന്നേണ്ടതിനു വേണ്ടി തരുവാൻ ഇവന് എങ്ങനെ കഴിയും എന്നു പറഞ്ഞ് തമ്മിൽ വാദിച്ചു. യേശു അവരോട് പറഞ്ഞത്: ആമേൻ,

ആമേൻ ഞാൻ നിങ്ങളോട് പറയുന്നു; നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവൻ ഇല്ല. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേൽപിക്കും. എന്റെ മാംസം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവും ആകുന്നു. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട് ഞാൻ പിതാവിൻ മൂലം ജീവിക്കുന്നതു പോലെ എന്നെ തിന്നുന്നവൻ എൻമൂലം ജീവിക്കും. സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന അപ്പം ഇതാകുന്നു. പിതാക്കന്മാർ തിന്നുകയും മരിക്കുകയും ചെയ്തതു പോലെയല്ല; ഈ അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കും (യോഹന്നാൻ 6:48-58).

മുൻപ് പ്രസ്താവിച്ച വാക്കുകളിൽ യേശു, തന്റെ ഭൗതിക ശരീരം തിന്നുന്നതിനെ കുറിച്ചോ അല്ല സംസാരിച്ചത്. പിന്നെയോ അവൻ ആത്മിയ കാര്യങ്ങളെയാണ് പ്രതിപാദിച്ചത്. ശരീരത്തെ ഓർമ്മിപ്പിക്കുന്നതാണ് അപ്പം; പാനപാത്രം രക്തത്തെയും. ചിലർ വിശ്വസിക്കുന്നത് ഒരാൾ അപ്പം ഭക്ഷിക്കുമ്പോൾ അത് ആക്ഷരികമായ യേശുവിന്റെ ശരീരമായ മാറുന്നു എന്നാണ്. അതുപോലെ പാനപാത്രത്തിൽ നിന്നും കുടിക്കുമ്പോൾ അത് യേശുവിന്റെ രക്തമായി മാറുമെന്നും വിശ്വസിക്കുന്നു. തീർച്ചയായും ഇതു സത്യമല്ല. യേശു കർത്തൃമേശ വിഭാവനം ചെയ്തതു തന്റെ ശിഷ്യന്മാരെ നരഭോജികളാക്കി മാറ്റുന്നതിനല്ല.

താൻ പദ്ധതി തയ്യാറാക്കിയതുപോലെ മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്ത് തന്റെ സഭയാകുന്ന രാജ്യം സ്ഥാപിച്ചു. അവന്റെ കൽപനകൾ വിശ്വസിച്ച് അനുസരിച്ച് അവന്റെ മരണത്തിലും ഉയിർപ്പിലും പങ്കാളികളായി തീർന്നു. കർത്താവിന്റെ സഭയിലായി തീർന്നവരെ നാം ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ കൂടിവന്നു കർത്തൃമേശയിൽ നിന്ന് പങ്കുകാരാകുന്നു. ഇതുപോലെ ചെയ്തിരുന്ന ഒരു മാതൃക പൗലോസ് നമുക്ക് വിവരിച്ചു നൽകുന്നുണ്ട്. "ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ പൗലോസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ട് അവരോട് സംഭാഷിച്ച് പാതിരാവരെയും പ്രസംഗം നീട്ടി" (പ്രവൃത്തി 20:7). സഭ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടി വന്നപ്പോൾ ചെയ്തിരുന്ന

ഒന്നാണ് കർത്തൃമേശ ആചരിക്കൽ. കർത്തൃമേശ അവർക്ക് ഭരമേൽപിച്ച് കൊടുക്കുമ്പോൾ യേശു ശിഷ്യന്മാരോടു പറഞ്ഞത് ഓർമ്മിക്കുന്നുണ്ടല്ലോ അല്ലേ? പിതാവിന്റെ രാജ്യത്തിൽ പുതുതായി നിങ്ങളോടു കൂടെ പങ്കിടു മെന്ന് അവൻ പറഞ്ഞിരുന്നു. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടി വന്നാലും ഞാൻ അവരുടെ മദ്ധ്യേ ഉണ്ടാകും എന്നു കർത്താവ് വാഗ്ദാനം ചെയ്തിരുന്നു (മത്തായി 18:20).

ക്രിസ്ത്യാനികൾ സഭായോഗം കൂടി വന്നപ്പോൾ പൗലോസ് സന്നിഹിതനായിരുന്നു. അതു ആഴ്ചവട്ടത്തിന്റ ഒന്നാം നാളിൽ ആയിരു ന്നു. ഏതു ആഴ്ചയുടെ ഒന്നാം നാളിലാണ്? ഓരോ ആഴ്ചയിലും ഓരോ ആദ്യ ദിവസമാണുള്ളത്. അതുകൊണ്ടാണ് ക്രിസ്ത്യാനികൾ എപ്പോഴും ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടിവരികയും ആരാധിക്കുകയും അപ്പം നുറുക്കുകയും ചെയ്തു വന്നിരുന്നത്. ക്രിസ്തുവിന്റെ ഓർമ്മ പുതുക്കു കയും ചെയ്തിരുന്നു. പഴയ നിയമ കാലയളവിൽ യെഹൂദന്മാരോടു ശബ്ബത്തു ദിനം ആചരിക്കാൻ കൽപിച്ചിരുന്നു. ഏതു ശബ്ബത്താണ്? എല്ലാ ശബ്ബത്തും. അതു പോലെ ക്രിസ്ത്യാനികൾ ആരാധിക്കുകയും കർത്തൃ മേശ ഓരോ ആഴ്ചയും എടുക്കുകയും വേണം.

കർത്തൃമേശ ദുർവിനിയോഗം ചെയ്തിരുന്ന ചില അംഗങ്ങളെ പൗലോസ് 1 കൊരിന്ത്യർ 11-ാം അദ്ധ്യായത്തിൽ തിരുത്തുന്നുണ്ട്. അവർ കർത്താവിന്റെ അത്താഴത്തെ സാധാരണ ഭക്ഷണ പാനീയമാക്കി; അത് തെറ്റണെന്ന് പൗലോസ് ബോധിപ്പിച്ചു. തിന്നുവാനും കുടിക്കുവാനും നിങ്ങൾക്ക് വീടുകൾ ഇല്ലയോ? കർത്തൃമേശ സാധാരണ ഭക്ഷണവും പാനീയവും കുടിക്കുന്നതുപോലെ വയറു നിറയ്ക്കുവാനല്ല എന്നു പൗലോസ് പ്രബോധിപ്പിച്ചു.

പൗലോസ് തുടർന്നു പറയുന്നത്: ''ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കുകയും നിങ്ങൾക്ക് ഏൽപ്പിക്കുകയും ചെയ്തത് എന്തെന്നാൽ: കർത്താവായ യേശുവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി; ഇത് നിങ്ങൾക്ക് വേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്വീൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു; ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു; ഇത് കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ചെയ്വീൻ എന്നു

പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പെ തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തിവും സംബന്ധിച്ച് കുറ്റക്കാർ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ട് വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കുകയും ചെയ്‌വാൻ. തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്ക് ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു'' (1 കൊരിന്ത്യർ 11:23–29).

കർത്തൃമേശ എടുക്കുമ്പോൾ കർത്താവിനെ ഓർക്കുക മാത്രമല്ല; ഓരോരുത്തരും അവനവനെത്തന്നെ ശോധന കഴിക്കുകയും വേണം. ഒരാൾ ദൈവത്തോട് വിശ്വസ്തത പുലർത്തിയില്ലെങ്കിൽ മാനസാന്തരപ്പെട്ട് ദൈവത്തോട് ക്ഷമാപണത്തിന് ഏറ്റു പറയണം. സഹോദരന്മാരോട് തെറ്റു ചെയ്താൽ ദൈവത്തോട് ഏറ്റു പറയണം. സഹോദരന്മാരോടും അതു തുറന്നു പറയണം. തിരുത്താത്ത ക്രിസ്ത്യാനി കർത്താവിന് അപമാനം വരുത്തുന്നു. നിങ്ങൾ ക്രിസ്ത്യാനിയായി തീർന്നിട്ടുണ്ടോ? കർത്താവിന്റെ സഭയിൽ അംഗമാണോ? എങ്കിൽ വചനപ്രകാരം കർത്തൃമേശയെ എടുക്കണം. ക്രമവിരുദ്ധമായി കൈകാര്യം ചെയ്യരുത്.

✶

# ഒരു ദുരുപദേഷ്ടാവിനെ എങ്ങനെ തിരിച്ചറിയാം?

**റിച്ചാർഡ് നോർമാൻ**

ഒരു ദുരുപദേഷ്ടാവ് എങ്ങനെ ഇരിക്കും? ഇത്തരം ഒരാളെ നിങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്തിട്ടുണ്ടോ? ഒരാൾ ദുരുപദേഷ്ടാവാണെന്ന്, അല്ലെങ്കിൽ അയാൾ തെറ്റായ ഉപദേശം പഠിപ്പിക്കുന്നവനാണെന്ന് എങ്ങനെ പറയാൻ കഴിയും?

രംഗം സീനായ് പർവ്വതം (പുറപ്പാട് 19,20). പർവ്വതറശിഖരത്തിൽ തീയും പുകയും കാതടിപ്പിക്കുന്ന കാഹളനാദം. ഭൂമി കുലുങ്ങുകയും ചെയ്തു. എല്ലാ യിസ്രായേല്യരും ഒന്നിച്ചു കൂടിയപ്പോൾ പർവ്വതം തൊട രുതെന്ന ആജ്ഞ മുന്നറിയിപ്പായി വന്നു. ദൈവം കൊടുമുടിയിലേക്ക് ഇറങ്ങിവന്നു. അവൻ പത്തു കൽപനകൾ നേരിട്ട് ജനത്തിനായി കൊടുത്തു. ആളുകൾ ഭയന്നു വിറങ്ങലിച്ച് അവർക്കും ദൈവത്തിനും മദ്ധ്യേ ഒരു മദ്ധ്യസ്ഥനു വേണ്ടി. അങ്ങനെയാണ് ദൈവത്തിനും മനു ഷ്യർക്കും മദ്ധ്യേ പുരോഹിതത്യം വന്നത്.

സീനായ് പർവ്വതത്തിൽ ദൈവത്തിന്റെ അടുക്കലേക്ക് കയറി പ്പോയ മോശയെ 40 ദിവസമായിട്ടും കാണാതെ വന്നപ്പോൾ യിസ്രാ യേൽ ജനത്തിന് ക്ഷമ കെട്ടു. അവർ ഒരു കാളക്കുട്ടിയെ വാർത്തുണ്ടാ ക്കി. മോശെയ്ക്ക് ദൈവം പത്തു കൽപനകൾ എഴുതിക്കൊടുത്തു. ദൈവ കോപം മെഴുകുതിരി പോലെ ഉരുകി (പുറപ്പാട് 32:10).

മതപരമായ തെറ്റുകളെക്കാൾ ഗൗരവമായിട്ടാണ് ധാർമ്മികമായ തെറ്റുകൾ ആളുകൾ ഇന്നു കാണുന്നത്. അതുകൊണ്ടാകാം മതപരമായി എന്തു ചെയ്താലും ദൈവം സ്വീകരിക്കും എന്ന് ആളുകൾ കരുതുന്നത്. ഏതെങ്കിലും മതപരമായ കാര്യങ്ങൾ ദൈവത്തിന് അനിഷ്ടമാകും എന്നു ചിന്തിക്കാൻ അവർക്കു പ്രയാസം തോന്നുന്നുണ്ടാകും. പഴയ നിയമത്തിൽ നിന്നും നാം മനസ്സിലാക്കുന്നത് നമ്മുടെ ദൈവം തീക്ഷ്ണതയുള്ള ദൈവ മാണെന്നാണ്. ഒന്നിലധികം ദൈവം എന്ന ആശയം ദൈവത്തിന് സഹിക്കാൻ പറ്റുന്ന ഒന്നല്ല. ഒരു ദൈവം മറ്റൊന്നിനെപ്പോലെ നല്ലതാ ണെന്നത് ദുരുപദേശമാണ്. അതു മെഴുകിന് ചൂടു തട്ടുന്നതു പോലെ ദൈവ കോപം ഉരുകിയൊഴുകുന്നതിന് കാരണമാകും.

ദുരുപദേഷ്ടാക്കൾ എല്ലാ കാലത്തും ഉണ്ട്. ആരംഭത്തിൽ സാത്താൻ ചോദിച്ചു: ''ദൈവം വാസ്തവത്തിൽ അങ്ങനെ പറഞ്ഞോ''? ദൈവം പറഞ്ഞത് ഹവ്വക്ക് അറിയാമായിരുന്നു. സാത്താൻ പറഞ്ഞു: നിങ്ങൾ ഒരിക്കലും മരിക്കുകയില്ല (ഉത്പത്തി 3:1-6). അത് നുണയായി രുന്നു. ഒന്ന് പറിച്ചു തിന്നു കാണിച്ചു തരാം. അപ്പോൾ നോക്കി വൃക്ഷം നല്ലതും ഫലം തിന്മാൻ യോഗ്യവും എന്നു കണ്ടു. കണ്ണിനു കുളിർമ്മ നൽകുന്ന ഒന്നായി തോന്നി (അപകടമെന്നു തോന്നിയില്ല). സാത്താൻ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്തപ്പോൾ ആഗ്രഹിക്കത്തക്കതായി

തോന്നി (സൃഷ്ടികർത്താവായ ദൈവത്തെപ്പോലെയാകും). അങ്ങനെയാണ് ദുരുപദേഷ്ടാവിന്റെ സ്വഭാവം. നമ്മുടെ ഇന്ദ്രിയങ്ങളെ ആകർഷിക്കുന്നതാണ്. നോക്കുമ്പോൾ നന്നായി തോന്നും. കാൺമാൻ നന്നായിരിക്കും. നന്നായി തോന്നുകയും ചെയ്യും.

ദുരുപദേശത്തിനും ദുരുപദേഷ്ടാക്കൾക്കും എതിരായി പഴയ നിയമത്തിലും പുതിയ നിയമത്തിലും ദൈവം തന്റെ ജനത്തെ മുന്നറിയിച്ചിട്ടുണ്ട്. പുതിയ നിയമത്തിൽ എല്ലാ ക്രിസ്ത്യാനികളെയും വ്യർത്ഥ വാക്കുകളാൽ ദുരുപദേശത്തിന്റെ തല തിരിഞ്ഞ സുവിശേഷത്താൽ വഞ്ചിക്കപ്പെടാതിരിക്കാൻ സൂക്ഷിക്കണമെന്ന് പ്രബോധിപ്പിക്കുന്നുണ്ട് (ഗലാത്യർ 1:7). മതപരമായ തെറ്റുകളെ കണ്ട് സത്യവും അസത്യവും വേർതിരിച്ച് മനസ്സിലാകണമെന്ന് വീണ്ടും വീണ്ടും നമ്മോട് അപേക്ഷിച്ചിട്ടുണ്ട്. അങ്ങനെ ഇല്ലെങ്കിൽ ബൈബിൾ എന്തുകൊണ്ട് അതിനെ ഊന്നിപ്പറയുന്നു? നാം കേൾക്കുന്നത് പരിശോധിക്കണമെനന്ന് യോഹന്നാൻ പറഞ്ഞിരിക്കുന്നു (1 യോഹന്നാൻ 4:1-3). എന്നാൽ മതപരമായ ഒരു കാര്യം സത്യമാണോ അല്ലയോ എന്നറിയുവാനുള്ള പരിശോധന എങ്ങനെ നടത്തും? ആത്മാക്കളെ എങ്ങനെ വിവേചിക്കും?

★

# പാപിയുടെ പ്രാർത്ഥന

ടോമി. എസ്

പെന്തക്കോസ്തു നാളിലെ പത്രോസിന്റെ പ്രസംഗം കേൾവിക്കാർക്ക് കുത്തു കൊള്ളുന്നുണ്ടായിരുന്നു. ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നെ ദൈവം കർത്താവും ക്രിസ്തുവാക്കി വെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ. ഇത് കേട്ടവരായ ആളുകളുടെ പ്രതികരണം : സഹോദരന്മാരായ പുരുഷന്മാരേ ഞങ്ങൾ എന്തു ചെയ്യേണ്ടൂ എന്നതായിരുന്നു. പത്രോസ് അതിന് മറുപടിയും കൊടുത്തു. നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപ്പിൻ. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും

എന്ന് പറഞ്ഞു (പ്രവൃത്തി 2:36–38). അതു പോലെ പാപബോധവും നിരാശയും പൂണ്ട ഫിലിപ്പിയിലെ കാരാഗ്രഹ പ്രമാണിയും ചോദിച്ചു. രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണം എന്ന്. പൗലോസും ശീലാസും അതിന് കർത്താവായ യേശുവിൽ വിശ്വസിക്കുക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷിക്കപ്പെടും എന്ന് പറഞ്ഞു. പിന്നെ അവർ കർത്താവിന്റെ വചനം അവനോടും അവന്റെ വീട്ടിലുള്ള എല്ലാവരോടും പ്രസംഗിച്ചു. അവൻ രാത്രിയിൽ, ആ നാഴികയിൽ തന്നെ അവരെ കൂട്ടിക്കൊണ്ടു പോയി അവരുടെ മുറിവുകളെ കഴുകി; താനും തനിക്കുള്ളവരെല്ലാവരും താമസിയാതെ സ്നാനം ഏറ്റു (പ്രവൃത്തി 16:30–33).

✶

# പരിപ്രവർത്തനത്തിന് സ്നാനത്തിന്റെ സ്ഥാനം

**ഹഗ് ഫുൾഫോർഡ്**

പരിവർത്തനത്തിൽ സ്നാനത്തിന്റെ സ്ഥാനത്തെക്കുറിച്ചുള്ള വാദം പുരാതനമായ ഒന്നാണല്ലോ. വീണ്ടും നാം അത് എടുക്കുന്നതിൽ ഭയപ്പെടേണ്ട കാര്യമില്ല. ക്രിസ്ത്യാനികൾ എല്ലാവരും വളരേണ്ടവരാണ്. പക്വതയിലെത്തിയവർ പൂർണ്ണതയിലേക്ക് പ്രവേശിക്കേണ്ടവരാണ് (എബ്രായർ 6:1). ഈ വിഷയത്തെ ആഴത്തിൽ പഠിച്ചിട്ടില്ലാത്തവർ അത് പഠിക്കണം. ക്രിസ്തീയ കുടുംബങ്ങളിലെ യുവാക്കളും യുവതികളും വളർന്നു കൊണ്ടിരിക്കണം. ബൈബിൾ പഠിച്ച് വളരാതിരിക്കുന്ന പ്രായമുള്ളവരും ഈ വിഷയം അറിഞ്ഞിരിക്കേണ്ടതും മറ്റുള്ളവരെ പഠിപ്പിക്കേണ്ടതും ആണ്.

മതപരമായ ലോകം സ്നാനം എന്ന വിഷയത്തെ വീണ്ടും വീണ്ടും പഠന വിഷയമാക്കിക്കൊണ്ടിരിക്കുകയാണ്. വിഭാഗീയമല്ലാത്ത, നാമധേയ വിഭാഗമല്ലാത്ത ക്രിസ്ത്യാനിത്വത്തിന് വേണ്ടി ആഗ്രഹിക്കുന്നവർ സ്നാനത്തെക്കുറിച്ച് ബൈബിളിൽ പറയുന്ന കാര്യങ്ങളെല്ലാം കാര്യക്ഷമമതയോടെ ശേഖരിച്ച് പഠനത്തിന് തയ്യാറാവുന്നുണ്ട്. മറ്റുള്ളവർ തങ്ങളുടെ

വിശ്വാസപ്രമാണങ്ങളിൽ ഒതുങ്ങി കഴിയുന്നു. അത് മതിയോ എന്ന് അവർ ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്.

ക്രിസ്തുവുമായി ബന്ധം പുലർത്തുവാൻ ക്രിസ്തുവിങ്കലേക്കുള്ള പരിപ്രവർത്തനം അനിവാര്യമാണ് (മത്തായി 18:3; പ്രവൃത്തി 3:19). കർത്താവിന്റെ മഹത്തായ ആജ്ഞ മൂലം പരിവർത്തനം ചെയ്യപ്പെട്ടവരുടെ നിരവധി ഉദാഹരണങ്ങൾ അപ്പോസ്തോലപ്രവൃത്തികളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (മത്തായി 28:18-20; മർക്കോസ് 16:15-16). ആ സംഭവങ്ങളെല്ലാം വളരെ ശ്രദ്ധയോടെ പഠിക്കേണ്ടിയിരിക്കുന്നു. അവ പ്രവൃത്തി 2, 8, 9, 10, 11, 16, 18, 19, 22 എന്നീ അദ്ധ്യാങ്ങളിൽ വിവരിക്കുന്നു ഈ ഓരോ സംഭവത്തിനും സ്നാനത്തിന് പ്രത്യേക പങ്കുണ്ട്.

സ്നാനത്തെ കുറിച്ചുള്ള വ്യക്തമായ സഹായത്തിന് ക്രിസ്തുവിന്റെ മരണത്തിന് മുൻപും പിൻപും ജീവിച്ചിരുന്ന ആളുകളെ മനസ്സിലാക്കണം (റോമർ 5:8-10). ക്രിസ്തു മരിക്കുന്നതു വരെ മരണത്തോടു പങ്കാളി ആകേണ്ട ആവശ്യമില്ല. ന്യായപ്രമാണത്തിൻ കീഴിലുള്ളവർ ക്രിസ്തുവിലേക്ക് പരിവർത്തനം ചെയ്യേണ്ട ആവശ്യം ഉദിക്കുന്നില്ല. ക്രിസുവിന്റെ പുതിയ നിയമത്തിൻ കീഴിൽ ജീവിക്കുന്നവർ ആരും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ നീതികരിക്കപ്പെടുകയില്ല (ഗലാത്യർ 2:16). ക്രിസ്തുയേശുവിനോടുള്ള വിശ്വാസത്താലാണ് നീതികരിക്കപ്പെടുന്നത്. എന്നാൽ ക്രിസ്തുവിന്റെ പ്രമാണം നിലവിൽ വന്നത് അവന്റെ മരണശേഷമാണ് (എബ്രായർ 9:16-17). അതുകൊണ്ട് ക്രിസ്തുവിന്റെ മരണത്തിനു മുമ്പ് ജീവിച്ചിരുന്നവർ ആരും (ക്രൂശിലെ കള്ളനടക്കം) പുതിയ നിയമ ഉപാധികൾ അനുസരിക്കേണ്ട ആവശ്യമില്ല. പുതിയ നിയമത്തിൻ കീഴിലുള്ളവർ പഴയ നിയമത്തിലുള്ളവരെ നോക്കിയല്ല കാര്യങ്ങൾ ചെയ്യേണ്ടത്. പുതിയ നിയമം നോക്കിയാണ്.

മാനുഷിക നീതിയുടെ യോഗ്യതയാൽ ക്രിസ്തുവിലേക്ക് ആർക്കും പരിവർത്തനം ചെയ്യാവുന്നതല്ല (തീത്തോസ് 3:5). നാം അവന്റെ കൃപയാൽ നീതികരിക്കപ്പെട്ടിട്ടു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത നീതി പ്രവൃത്തികളാലല്ല തന്റെ കരുണപ്രാകരമത്രെ രക്ഷിച്ചത് നിത്യജീവിന്റെ അവകാശികളായി തീരേണ്ടതിന് പുനർജനന സ്നാനം കൊണ്ടും നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മുടെ മേൽ ധാരാളമായി പകർന്ന പരി

ശുദ്ധാത്മാവിന്റെ നവീകരണം കൊണ്ടും തന്നെ. ദൈവത്തിന്റെ കരുണ കൂടാതെ രക്ഷ സാദ്ധ്യമല്ല. പുനർജനന സ്നാനവും അതിന് ഒരു കാരണമായി ദൈവം വെച്ചിരിക്കുന്നു.

സ്നാനം ദൈവ കൃപയെ ലഘൂകരിക്കുന്നില്ല എന്നു നാം അറിയണം. ഇന്ന് എല്ലാവരും വിശ്വാസത്താലും ദൈവ കൃപയാലും രക്ഷിക്കപ്പെടുന്നതു പോലെയാണ് പ്രവൃത്തികളുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നവരും രക്ഷിക്കപ്പെട്ടത് (എഫെസ്യർ 2:-9). പ്രവൃത്തികളുടെ പുസ്തകത്തിൽ കാണുന്ന പ്രസംഗങ്ങളുടെ എല്ലാം മുഖ്യവിഷയം വിശ്വാസത്താലും ദൈവകൃപയാലുമുള്ള രക്ഷ ആണ് (പ്രവൃത്തി 11:23; 15:11; 18:27; 20:24). കൃപയ്ക്കും വിശ്വാസത്തിനും എതിരായി നിൽക്കുന്ന ഒന്നല്ല ബൈബിളിലെ സ്നാനം. അതുപോലെ സ്നാനത്തിന് എതിരായിട്ടുള്ളതല്ല കൃപയും വിശ്വാസവും. ആളുകൾ വചനത്തെ വളച്ചൊടിച്ച് തെറ്റിദ്ധരിപ്പിക്കാതിരുന്നാൽ ഒരു കുഴപ്പവുമില്ല.

പരിവർത്തന നടപടിയിൽ സ്നാനം മാത്രം എടുക്കുകയല്ല വേണ്ടത്. ക്രിസ്തുവിലുള്ള വിശ്വാസമോ വാസതവത്തിൽ പാപത്തിൽ നിന്നുമുള്ള മാനസാന്തരമോ കൂടാതെ സ്നാനമേറ്റാൽ അത് ഫലപ്രദമാകുകയില്ല (പ്രവൃത്തി 2:38). എങ്കിൽ പിന്നെ ക്രിസ്തുവിനോടുള്ള പരിപ്രവർത്തനത്തിൽ അവന്റെ രക്ഷ ലഭിക്കുന്നതിൽ സ്നാനത്തിന്റെ സ്ഥാനം എവിടെയാണ്?

ക്രിസ്തു തന്റെ മഹത്തായ ആജ്ഞ നൽകിയപ്പോൾ പറഞ്ഞത്: വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും (മർക്കോസ് 16:16) എന്നാണ്. വിശ്വാസത്തിൽ പരാജയപ്പെട്ടാൽ ശിക്ഷ ഉറപ്പാണ്. എന്നാൽ ഒരാളുടെ വിശ്വാസം അയാളെ സ്നാനത്തിലേക്കും പിന്നെ രക്ഷയിലേക്കും നയിക്കുന്നു.

ക്രസ്തുവിന്റെ സ്ഥാനപതികളായി പ്രവർത്തിച്ച അപ്പോസ്തോലന്മാർ കർത്താവ് പഠിപ്പിച്ച രക്ഷാപദ്ധതി ശരിയായി മനസ്സിലാക്കി പ്രസ്താവിച്ചിരുന്നു. രക്ഷക്കുള്ള നിബന്ധനകൾ ശരിയായി മനസ്സിലാക്കി പ്രസ്താവിച്ചിരുന്നു. രക്ഷക്കുള്ള നിബന്ധനകൾ കുറവില്ലാതെ അവർ പ്രസംഗിക്കുകയും ചെയ്തിരുന്നു. അവരുടെ പ്രസംഗം കേട്ടവർക്ക് രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്ന് മനസ്സിലായി. പാപബോധം വന്ന യഹൂദന്മാരോട് പത്രോസ് പറഞ്ഞു: “നിങ്ങൾ ഓരോരുത്തരും മാനസാ

ന്തപപ്പെട്ട് നിങ്ങളുടെ പാപത്തിന്റെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാമേൽപിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്ന്'' (പ്രവൃത്തി 2:38).

തർസോസുകാരനായ ശൗലിനോട് എന്തു ചെയ്യണമെന്ന് ദമസ്കോസ് എന്ന സ്ഥലത്തു വെച്ച് കർത്താവ് പറഞ്ഞിരുന്നു (പ്രവൃത്തി 9:6). അനന്യാസ് എന്ന സുവിശേഷകൻ ശൗലിനോട് നിർദ്ദേശിച്ചത്: എഴുന്നേറ്റ് പ്രാർത്ഥിച്ച് സ്നാനമേറ്റ് നിന്റെ പാപങ്ങളെ കഴുകി കളക എന്നു പറഞ്ഞു (പ്രവൃത്തി 22:16).

കൊർന്നല്യോസിനോടും അവന്റെ ഭവനത്തിലുള്ളവരോടും പത്രോസ് ദൈവത്തിന്റെ അരുളപ്പാടുകളെ അറിയിച്ച ശേഷം അവരെ സ്നാനം കഴിപ്പിക്കുവാൻ കൽപിച്ചു (പ്രവൃത്തി 10:48). യേശു പറഞ്ഞത്: നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കൽപനകളെ പ്രമാണിക്കും എന്നാണ് (യോഹന്നാൻ 14:15). യേശു തന്നെ അനുസരിക്കുന്നവരുടെ കർത്താവാണ് (എബ്രായർ 5:8–9).

✶

### സ്ത്രീകൾക്കു വേണ്ടി

## സത്യത്തിന്റെ തത്വങ്ങൾ

**ബെറ്റി ബർട്ടൻ ചോട്ട്**

ഒരു രക്ഷകർത്താവ് തന്റെ കുട്ടിയോട് ''ഇത് തിന്ന്....... ഇത് ചെയ്യ്....... അത് ചെയ്യരുത്'' എന്നെല്ലാം എന്തുകൊണ്ടാണ് പറയുന്നത്? കുട്ടികളെ അനുസരിപ്പിക്കാനുള്ള സ്വേച്ഛാപരമായ നിയമങ്ങൾ മാത്രമാണോ അത്?

അല്ല, ''ഇതു ചെയ്യ്'' എന്ന് നാം പറയുമ്പോൾ അത് ചെയ്താലുണ്ടാകുന്നതും ചെയ്തില്ലെങ്കിലുണ്ടാകുന്നതുമായ ഫലത്തെ പ്രകൃത്യാ തിരിച്ചറിവുള്ളതു കൊണ്ടാണ് അങ്ങനെ പറയുന്നത്. ''ഈ ഭക്ഷണം കഴിക്ക്'' – എന്തു കൊണ്ടാണ്? ഭക്ഷണം ശരീരത്തിന്റെ പോഷണത്തിന് അനിവാര്യമാണ്. ''ഇപ്പോൾ തണുപ്പാണ് സ്വെറ്റർ ഇടുക'' – എന്താണ് കാരണം? തണുപ്പടിച്ചാൽ രോഗം ഉണ്ടാകും. സ്കൂളിൽ നന്നായി പഠി

ക്കണം എന്തുകൊണ്ട്? കാരണം സ്കൂൾ പഠനം ജീവിതത്തിലേക്കുള്ള തയ്യാറെടുപ്പാണ്.

എന്റെ പോയിന്റ് എന്തെന്നാൽ നിയമങ്ങളും ഫലങ്ങളും സമീകരണത്തിന്റെ രണ്ട് വശങ്ങളാണ് A=B. അനുസരണത്തിനും അനുസരണക്കേടിനും ഫലം അനുഭവിക്കേണ്ടത് രക്ഷകർത്താവല്ല. രക്ഷകർത്താവ് സത്യത്തിന്റെ തത്വങ്ങൾ വാക്കുകളായി നൽകുക മാത്രമാണ് ചെയ്യുന്നത്. ആ തത്വത്തിൽ തന്നെ സ്വാഭാവികമായി, തുടർന്നു വരുവാനിരിക്കുന്ന ഫലം എന്തായാലും അടങ്ങിയിരിക്കുന്നു.

ദൈവ വചനത്തിൽ നമ്മെ ഉദ്ദശിച്ചിരിക്കുന്നതു നാം സത്യസന്ധരും കരുണയും സ്നേഹവും അനുസരണവും നീതിയും ഉള്ളവരാകണം എന്നാണ്. കാരണം ഈ സ്വഭാവങ്ങളാണ് ശരിയായതും സത്യമായവയും. അവയിൽ തന്നെ സ്വഭാവങ്ങളുടെ ഫലവും ഉൾക്കൊണ്ടിരിക്കുന്നു. അതിന്റെ വിപരീത സ്വഭാവങ്ങളായ ഭോഷ്ക്, മോഷണം, വഞ്ചന, പക, കുല എന്നിവ പ്രകൃത്യാ തെറ്റാണ്. അതിന്റെ അനന്തരഫലങ്ങളും അതിൽ അടങ്ങിയിരിക്കുന്നു. നുണ പറയുന്ന ആൾ അയാളെ അറിയുന്നവർക്കിടയിലുള്ള ബഹുമാനം അയാൾ നഷ്ടമാക്കും. അയാളുടെ നുണ അയാളെ അവസാനം വൈകാരികവും സാമൂഹ്യവും സാമ്പത്തികവും ആത്മികവുമായ ദുരന്തത്തിൽ അയാളെ എത്തിക്കും. വെറുപ്പ് വെച്ചുകൊണ്ടിരിക്കുന്ന ആൾ തന്റെ ആരോഗ്യം നഷ്ടമാക്കും; മറ്റുള്ളവരുടെ വെറുപ്പും സമ്പാദിക്കും.

## സത്യത്തിന്റെ തത്വങ്ങൾ

ദൈവം തന്റെ പുസ്തകമായ ബൈബിളിൽ സത്യത്തിന്റെ അനേക തത്വങ്ങൾ നൽകിയിട്ടുണ്ട്. അവ ദൈവത്തിൽ നിന്നായതു കൊണ്ട് സത്യമാണ്. അവ വാചകങ്ങളായി എഴുതപ്പെട്ടിരിക്കുന്നു. ഈ സത്യത്തിന്റെ തത്വങ്ങളോട് മനുഷ്യർ എങ്ങനെ പ്രതികരിക്കുന്നുവെന്നതനുസരിച്ചാണ് ഗുണഫലവും ദോഷ ഫലവും ഉണ്ടാകുന്നത്. ഈ പ്രകൃതി വശങ്ങളായ രണ്ടും ഒരു മുഴുവനായ ഒന്നിന്റെ രണ്ടു ഭാഗങ്ങളാണ്.

## വിവാഹത്തെ സംബന്ധിച്ച സത്യം

ജീവിതത്തിൽ ഒരു സ്ത്രീക്ക് ഒരു പുരുഷൻ എന്ന് ദൈവം പറഞ്ഞപ്പോൾ

(മത്തായി 19:4-9) അവൻ ഒരു നിയമം ഉണ്ടാക്കുകയല്ല ചെയ്തത്; അവൻ ഒരു സത്യം പറയുകയാണ് ചെയ്തത്. ദൈവം അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു. മുഴുവനായ ഒന്നിലെ രണ്ടു ഭാഗങ്ങളായ അവർ വിവാഹത്തിലൂടെ വേർപിരിയാതെ ജീവിക്കാൻ ഒന്നാകുന്നു.

ആ ഏകത്വമെന്ന സത്യം പ്രകൃത്യാ നിലനിർത്തി സ്നേഹത്താൽ ആയുഷ്കാലമത്രയും ആ ബന്ധം സൂക്ഷിച്ചാൽ അതിന്റെ പ്രകൃതിദത്തമായ ഫലങ്ങൾ പുറപ്പെടും. സന്തോഷം, ആരോഗ്യം, ദീർഘായുസ്സ്, ഭദ്രമായ അണുകുടുംബം, സമതുലനാവസ്ഥയിലുള്ള മക്കൾ എന്നിവ. എതിർവശത്ത് ആയിരിക്കുന്നവരിലാണ് അതായത് വിവാഹ സത്യത്തെ അതിലംഘിക്കുന്നവരിലാണ് ഹൃദ്രോഗം, വഴക്ക്, രോഗങ്ങൾ, ഉറപ്പില്ലാത്ത കുടുംബം, സുരക്ഷിതത്വമില്ലാത്ത കുട്ടികൾ, അക്രമം, ദേഷ്യം, കയ്പ്പ്, അനാരോഗ്യം, ദുരന്തം എന്നു വേണ്ട വിവാഹത്തെ സംബന്ധിച്ച് ദൈവത്വത്തെ മാനിക്കാതെ ജീവിക്കുന്നവരിലാണ് അവരുടെ പ്രതികരണത്തിന്റെ ഫലം അനുഭവിക്കുന്നത്. ഇത് നിഷേധിക്കാൻ സാദ്ധ്യമല്ല.

## സ്ത്രീകളെ സംബന്ധിച്ച സത്യം

ദൈവം രൂപപ്പെടുത്തിയ കുടുംബവ്യവസ്ഥയെ സംബന്ധിച്ച മറ്റൊരു സത്യമുണ്ട്. ദൈവവചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിന് യൗവനക്കാരികളെ ദൈവ ഭർതൃപ്രിയമാരും പുത്രപ്രിയമാരും സുബോധവും പാതിവ്രത്യമുള്ളവരും..... (തീത്തോസ് 2:4-5). ആകയാൽ ഇളയവർ വിവാഹം ചെയ്യുകയും പുത്ര സമ്പത്തുണ്ടാകുകയും ഭവനം രക്ഷിക്കുകയും വിരോധിക്കു അപവാദത്തിന് അവസരം കൊടുക്കാതിരിക്കുകയും വേണം (1 തിമഥെയോസ് 5:14).

ഉളിയും ചുറ്റികയും, കസേരയും മേശയും; കമ്പ്യൂട്ടറും പ്രിന്ററും എല്ലാം ജോഡികളാണ്. ബന്ധപ്പെട്ട കാര്യങ്ങൾ ഒരുമിച്ച് ഉപയോഗിക്കാനുള്ളതാണ്. അവ ഒരേ ഉപകരണങ്ങളല്ല, ഒരേ കാര്യങ്ങൾ ചെയ്യുന്നവയുമല്ല. ചുറ്റിക കൂടാതെ ഒരാൾക്ക് ഒരു ബോർഡിൽ അല്ലെങ്കിൽ മരത്തിൽ അടിക്കാൻ പറ്റും. എന്നാൽ ഉളിയുടെ ഉപയോഗം ചുറ്റിക ചെയ്യുകയില്ല. ഓരോന്നിനും അതിന്റേതായ ഉപയോഗങ്ങളാണുള്ളത്. ഒന്നിന് പകരം ചിലത് താൽകാലികമായി ഉപയോഗിച്ചേക്കാം. പക്ഷേ, ശരിയായ ഫലം കിട്ടുകയില്ല.

പുരുഷനും സ്ത്രീയും ഒരു ജോഡിയാണ്. അവർ പരസ്പരം യോജിച്ചിരിക്കുന്നു. ബന്ധപ്പെട്ട കാര്യങ്ങൾ അവർ ചെയ്യുന്നു. ഒരാൾ മറ്റൊരാളിൽ നിന്നും വ്യത്യാസമായിരിക്കുന്നു. ജീവിതത്തിൽ വെവ്വേറെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനാണ് അവരെ രൂപപ്പെടുത്തിയിരിക്കുന്നത്. എന്തിനു വേണ്ടി സ്ത്രീയെ സൃഷ്ടിച്ചുവോ അത് മനസ്സിലാക്കി ചെയ്യുന്നതിന് പകരം അതിന് വിരുദ്ധമായി ചിന്തിച്ച് പ്രവർത്തിക്കുന്ന രീതിയാണ് സ്ത്രീയെ സംബന്ധിച്ച് കാണപ്പെടുന്നത്.

**കുട്ടികളെ സംബന്ധിച്ച സത്യം**

ഭവനം, മാതൃത്വം, മക്കൾ, കുടുംബക്ഷേമം എന്നിവയെക്കുറിച്ചുള്ള സത്യത്തിന്റെ തത്വങ്ങൾ സാഹിത്യകാരന്മാരും പത്ര ലേഖകരും വർണ്ണിച്ച് എഴുതിയിട്ടുണ്ട്. ഇന്നു കുട്ടികളെ വളർത്തുവാൻ അമ്മമാർക്ക് സമയമില്ല. അവർ ജോലിക്ക് പോകാൻ നിർബന്ധിതരാകുന്നു. തൽഫലമായി കുട്ടികൾക്ക് ലഭിക്കേണ്ട ശരിയായ ആഹാരമോ, ശരിയായ സംരക്ഷണമോ ശരിയായ സമയത്ത് ലഭിക്കുന്നില്ല. കുട്ടികൾ പ്ലേ സ്കൂളിലും മറ്റുമാണ്. അവർക്ക് സ്നേഹവും വേണ്ട സമയത്ത് അത് നൽകുവാൻ മാതൃത്വം തയ്യാറാകുന്നില്ല. വിവാഹബന്ധത്തിൽ ഉലച്ചിൽ ഉണ്ടാകുന്നതിനു കാരണം സ്ത്രീകൾ അവരുടെ ഭർത്തക്കന്മാരുമായി ചെലവിടുന്ന സമയത്തെക്കാൾ കൂടുതൽ സമയം അവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലാണ് ചെലവിടുന്നത്.

✶

# ആരാധനയിൽ എന്ത് അടങ്ങിയിരിക്കുന്നു

ജെ. സി. ചോട്ട്

ക്രിസ്തു പറഞ്ഞു, “ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കുവർ സത്യത്തിലും ആത്മാവിലും നമസ്കരിക്കണം” (യോഹന്നാൻ 4:24). ഇതൊരു പ്രത്യക്ഷമുള്ളതും എന്നാൽ വളരെ ലളിതപരവുമായ പ്രസ്താവനയാണ്! ദൈവം ആത്മാവാകുന്നു, സകലത്തിന്റെയും സൃഷ്ടികർത്താവ്, അവൻ ആരാധിക്കപ്പെടേണ്ടവൻ തന്നെ. നാം നമസ്കരിക്കുന്നത്

അവൻ സ്വീകരിക്കണമെങ്കിൽ അതു സത്യത്തിലും ആത്മാവിലും ആയിരിക്കണം. ‘‘ആത്മാവിൽ’’ എന്നത് സൂചിപ്പിക്കുന്നത് ആത്മാർത്ഥത, വികാരം, അടങ്ങിയിരിക്കുന്നു. ദൈവത്തെ പുകഴ്ത്തി മഹത്വപ്പെടുത്തുക എന്ന ഉദ്ദേശ്യമായിരിക്കണം. അതിനർത്ഥം അവന്റെ മനസ്സ് അവൻ ചെയ്യുന്നതിൽ കേന്ദ്രീകരിക്കണം. ആരാധനയുടെ ഓരോ ഭാഗത്തും മനസ്സിനെ കേന്ദ്രീകരിക്കേണ്ടത് ആവശ്യമാണ്. മറ്റു കാര്യങ്ങളിലേക്ക് മനസ്സ് വ്യാപൃതമായി പോകരുത്. സത്യം കൊണ്ടു സൂചിപ്പിക്കുന്നത് ദൈവേഷ്ടത്തിനായി കീഴ്പ്പെടണം എന്നതാണ്. അത് അവന്റെ ഉപദേശത്തെയും കൽപ്പനകളെയും അനുസരിക്കുന്നതിലൂടെയാണ്.

തന്റെ ജനം തന്നെ സത്യത്തിലും ആത്മാവിലും ആരാധിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അത് കർത്താവിന്റെ ദിവസമായ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ ആയിരിക്കേണം (പ്രവൃത്തി 20:7; വെളിപ്പാട് 1:10). അത് നമുക്ക് ഞായറാഴ്ച ആയി വരും. ആരാധനയിൽ ഉൾപ്പെട്ടിരിക്കേണ്ട കാര്യം തന്റെ മക്കളായ കർത്താവിന്റെ സഭയിലെ അംഗങ്ങളോട് അവൻ നിർദ്ദേശിച്ചിട്ടുണ്ട്. അവ താഴെ പറയുന്നു :

1. ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ ക്രിസ്ത്യാനികൾ ദൈവവചനം പഠിക്കുവാൻ ഒരുമിച്ച് കൂടണം. ദൈവം മനുഷ്യരോട് സംസാരിക്കുന്നത് ഈ രീതിയിലാണ്. അവൻ നമ്മോട് നേരിട്ടല്ല സംസാരിക്കുന്നത്. വചനത്തിനപ്പുറത്തുമല്ല, എഴുതപ്പെട്ട വചനത്തിൽ കൂടെയാണ് അവൻ തന്റെ ജനത്തോട് സംസാരിക്കുന്നത്. ദൈവത്തിന് നമ്മോട് പറയാനുള്ളത് വെളിപ്പെടുത്തി ബൈബിളിൽ എഴുതിയിരിക്കുകയാണ്. രക്ഷയെക്കുറിച്ച്, സഭയെക്കുറിച്ച്, ക്രിസ്തീയ ജീവിതത്തെക്കുറിച്ച്, സ്വർഗ്ഗം, നരകം എന്നിവയെ സംബന്ധിച്ചും വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ദൈവവചനം പഠിക്കണം എന്നു പറയാൻ കാരണം. വെറുതെ വായിച്ചാൽ പോരാ. ശ്രദ്ധയോടെ വായിച്ചു ഗ്രഹിക്കണം. ദൈവവചനത്തെ യഥാർത്ഥമായി പ്രസംഗിച്ച് ദൈവത്തിനു കൊള്ളാകുന്നവൻ ആകുവാൻ പൗലോസ് തിമൊഥെയോസിനെ പ്രബോധിപ്പിക്കുന്നു (2 തിമൊഥെയോസ് 2:15). സകല സൽപ്രവൃത്തിയിലും നമ്മെ തികഞ്ഞവരാക്കുന്നത് ദൈവ വചനമാണ് (2 തിമൊഥെയോസ് 3:16-17). ദൈവവചനം കേട്ടുകൊണ്ട് വേണം ആളുകൾക്ക് വിശ്വാസം വരുവാൻ (റോമർ 10:17).

2. ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ ക്രിസ്ത്യാനികൾ കൂടി വന്നു പ്രാർത്ഥിക്കണം. ദൈവ ജനം ദൈവത്തോട് സംസാരിക്കുന്ന രീതിയാണിത്. പെന്തക്കോസ്തു നാളിൽ 3000 പേർ സ്നാനം ഏറ്റു രക്ഷിക്കപ്പെട്ടപ്പോൾ അവരെ കർത്താവ് തന്റെ സഭയോട് ചേർത്തു (പ്രവൃത്തി 2:37, 38:47). അവർ അപ്പോസ്തോലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു (പ്രവൃത്തി 2:42). ആരാധനയുടെ ഭാഗമായിട്ടുള്ളതാണ് പ്രാർത്ഥന. ക്രിസ്ത്യാനികളായി തീർന്നവർ ഇത് തുടർന്നു വന്നിരുന്നു. പ്രാർത്ഥനയുടെ ആവശ്യത്തെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും ധാരാളം വേദഭാഗങ്ങളിൽ പറയുന്നുണ്ട് (1 തെസലോനിക്യർ 5:17). നമ്മുടെ ആവശ്യങ്ങൾ നാം ദൈവത്തോട് അറിയിക്കണം (ഫിലിപ്പിയർ 4:6). മടുത്തു പോകാതെ നാം എപ്പോഴും പ്രാർത്ഥിക്കണം (ലൂക്കോസ് 18:1). നമ്മുടെ മദ്ധ്യസ്ഥനും കാര്യസ്ഥനുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ വേണം പ്രാർത്ഥിക്കുവാൻ (യോഹന്നാൻ 14:13; 1 യോഹന്നാൻ 2:1). അവന്റെ ഇഷ്ടപ്രകാരം വേണം നാം പ്രാർത്ഥിക്കുവാൻ (1 യോഹന്നാൻ 5:14,15).

3. കർത്തൃദിവസം ക്രിസ്ത്യാനികൾ കൂടി വരുന്നത് ദൈവത്തെ പാടി പുകഴ്ത്തുന്നതിനാണ്. സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന് പാടിയും...... (എഫെസ്യർ 5:19), അതേ പ്രസ്താവന കൊലോസ്യർക്ക് എഴുതുമ്പോൾ നൽകുന്നു (കൊലോസ്യർ 3:16). ആത്മാവു കൊണ്ടും ബുദ്ധി കൊണ്ടും പ്രാർത്ഥിക്കുകയും പാടുകയും ചെയ്യും (1 കൊരിന്ത്യർ 14: 14-15). വാദ്യോപകരണങ്ങൾ ഉപയോഗിച്ച് പാട്ടു പാടുന്നതായി പുതിയ നിയമത്തിൽ ഒരിടത്തും പറയുന്നില്ല. മറിച്ച് ഹൃദയത്തിൽ കർത്താവിന് പാടുക എന്നാണ് പറഞ്ഞിരിക്കുന്നത് ആരാധനയിൽ ദൈവം ആഗ്രഹിക്കുന്നതു ഹൃദയമെന്ന ഉപകരണാണ് വായ കൊണ്ട് പാട്ടു പാടുന്നതാണ്.

4 ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ ക്രിസ്ത്യാനികൾ കൂടി വന്നു കർത്താവിന്റെ ഓർമ്മയ്ക്കായി അത്താഴത്തിൽ പങ്കെടുക്കണം. ഈ ലോകത്തിൽ നമ്മെ രക്ഷിച്ചു വരുവാനുള്ള ലോകത്തിൽ നാം നിത്യജീവൻ പ്രാപിക്കേണ്ടതിന് യേശു ക്രൂശിൽ മരിച്ചു. നമുക്കു വേണ്ടി യാഗമായി തീർന്ന കർത്താവിന്റെ മരണത്തെ ഓർക്കുകയും പ്രസ്താവിക്കുകയും ചെയ്തു പുളിപ്പില്ലാത്ത അപ്പത്തിൽ നിന്നു ഭക്ഷിക്കുവാനും പാന

പാത്രത്തിൽ നിന്നു കുടിക്കുവാനും പറഞ്ഞിരിക്കുന്നു. (പ്രവൃത്തി 20:7 ; മത്തായി 26-28). രക്തത്തിന്റെ ഓർമ്മയ്ക്കായിട്ടാണ് മുന്തിരി വള്ളിയുടെ അനുഭവത്തിൽ നിന്നു കുടിക്കുന്നത്.

5. കുടുംബമായി ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടി വന്നു നമുക്കുള്ള പണം മുതലായ ആദായങ്ങൾ പങ്കിടണം. കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്ക് പൗലോസ് എഴുതുന്നത് : "വിശുദ്ധന്മാർക്ക് വേണ്ടിയുള്ള ധർമ്മ ശേഖരത്തിന്റെ കാര്യത്തിലോ ഞാൻ ഗലാത്യ സഭകളോട് പ്രസ്താവിച്ചതു പോലെ നിങ്ങളും ചെയ്വിൻ. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ തോറും നിങ്ങളിൽ ഓരോരുത്തൻ തനിക്ക് കഴിവുള്ളത് ചരതിച്ച് തന്റെ പക്കൽ വെച്ചു കൊള്ളേണം" (1 കൊരിന്ത്യർ 16:1-2). "അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതു പോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുത്; നിർബന്ധനത്താലുമരുത്; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു" (2 കൊരിന്ത്യർ 9:6-7). പഴയ നിയമത്തിൽ ദശാംശം അഥവാ പത്തിലൊന്നായിരുന്നു കൊടുക്കുവാൻ നിർദ്ദേശിച്ചത്. പുതിയ നിയമത്തിൽ നാം അതിലും കൂടുതൽ നൽകുവാൻ കടപ്പെട്ടിരിക്കുന്നു. ഉദാരമായി വിതയ്ക്കുന്നവൻ ഉദാരമായി കൊയ്യും ലോഭമായി വിതയ്ക്കുന്നവൻ ലോഭമായി കൊയ്യും.

ഇവയിൽ ഏതെങ്കിലും ഒന്നു മാറ്റി ദൈവത്തിനു സ്വീകാര്യമായ ആരാധന നടത്തുവാൻ സാധിക്കുമോ? തീർച്ചയായും ഇല്ല. ഓരോന്നും തുല്യ പ്രാധാന്യമുള്ളതാണ്. ഓരോ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളും തുല്യ പ്രാധാന്യമുള്ളതാണ്. ആരാധനയുടെ എല്ലാ ഭാഗങ്ങളിലും നിങ്ങൾ പങ്കെടുക്കണം. ആരാധനാ സമയത്ത് മറ്റു കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുകയോ ആളുകളെക്കുറിച്ച് ചിന്തിക്കുകയോ ചെയ്യരുത്. ആത്മാർത്ഥതയോടെ, വചനപ്രകാരം ഓരോ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലും കൂടി വന്നു ആരാധിക്കുന്നു.

★

# മാനുഷ കൈകളാൽ ദൈവം ഇന്ന് സൗഖ്യം വരുത്തുന്നുവോ?

അലക്സ്. ബി

ചിലർ വിശ്വസിക്കുന്നത് ദൈവം ഇന്നുംമനുഷ്യരുടെ കൈകളാൽ രോഗ ശാന്തിയും അത്ഭുതവും പ്രവർത്തിക്കുന്നുണ്ട് എന്നാണ്. അനേകർ ഈ അവകാശം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ചെറിയ തെളിവുകൾ അഥവാ ഭാഗികമായ തെളിവുകൾ അതിനായി നിരത്തുന്നുമുണ്ട്. എന്നാൽ ബൈബിൾ രേഖ വ്യക്തമാക്കുന്നത് അത്ഭുതവരങ്ങൾ ഒരു പ്രത്യേക കാലത്തേക്കു മാത്രം ഉള്ളതായിട്ടാണ്.

ഒരു പ്രത്യേക സമയത്തേക്ക് പ്രത്യേക ഉദ്ദേശ്യത്തോടെ നിയോഗിക്കപ്പെട്ടവരായിരുന്നു അപ്പോസ്തോലന്മാർ. അപ്പോസ്തോലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിലാണ് ദൈവ ഭവനം പണിതുയർത്തിയത്. തീർച്ചയായും യേശുക്രിസ്തു തന്നെയാണ് സഭയുടെ അടിസ്ഥാനം. മറ്റൊരാൾക്ക് വേറൊരു ആസ്ഥാനമിടുവാൻ കഴിയുകയില്ല എന്ന് അപ്പോസ്തോലനായ പൗലോസ് കൊരിന്ത്യർക്ക് എഴുതുമ്പോൾ പറയുന്നുണ്ട്. (1 കൊരിന്ത്യർ 3:9-11). അടിസ്ഥാനം ഇട്ട് കഴിഞ്ഞതിനാൽ മറ്റൊന്ന് ഇടേണ്ട ആവശ്യമില്ല (1 കൊരിന്ത്യർ 3:10). അതിന്റെ അർത്ഥം എന്താണ്? അപ്പോസ്തലോന്മാരുടെയും പ്രവാചകന്മാരുടെയും കാലം കഴിഞ്ഞു.

അപ്പോസ്തോലന്മാരും അവരുടെ കൈ വയ്പ് ലഭിച്ചവരും ചെയ്ത അത്ഭതങ്ങൾ വിശേഷതയുള്ളതായിരുന്നു. സാധാരണ ക്രിസ്ത്യാനികൾക്ക് അത്ഭുതങ്ങൾ ചെയ്യാൻ കഴിഞ്ഞിരുന്നില്ല. അപ്പോസ്തോലനായ പൗലോസ് കൊരിന്ത്യർക്ക് എഴുതിയത്: ഒരുവന് രോഗശാന്തിയുടെ വരം, വേറൊരുത്തന് വീര്യ പ്രവൃത്തികൾ, മറ്റൊരുത്തന് ആത്മാക്കളുടെ വിവേചനം, വേറൊരുത്തന് പ്രവചനം, വേറൊരുത്തന് പല വിധ ഭാഷകൾ എന്നു തുടങ്ങിയ വരങ്ങൾ എല്ലാം പ്രവർത്തിച്ചിരുന്നത് ഒരേ ആത്മാവ് തന്നെയാണ്.

അപ്പോസ്തോലന്മാർക്ക് ഈ വരങ്ങൾ പകർന്നു മറ്റുള്ളവർക്ക് കൊടുക്കുവാനുള്ള അധികാരം കൊടുത്തിരുന്നു. അവർ കൈ വെക്കുന്നവർക്ക് അത്ഭുത വരങ്ങൾ ലഭിച്ചിരുന്നു. മേശയിൽ ശുശ്രൂഷ ചെയ്യു

വാൻ തിരഞ്ഞെടുത്ത ഫിലിപ്പോസിന് ഈ വരങ്ങൾ ലഭിച്ചിരുന്നു. എന്നാൽ അപ്പോസ്തോലന്മാരുടെ കാലശേഷം അത് നിന്നുപോയി. ദൈവ വചനം ഉറപ്പിക്കുക എന്ന ഉദ്ദേശ്യമായിരുന്നു ഈ വീര്യപ്രവൃത്തി കളുടെയും അത്ഭുത രോഗശാന്തികളുടെയും (മർക്കോസ് 16:20). വചനം ഉറപ്പിക്കുകയും പൂർത്തീകരിക്കുകയും ചെയ്ത് കഴിഞ്ഞു. ഇപ്പോൾ നമുക്ക് ആവശ്യമുള്ളതെല്ലാം വചനത്തിൽ ഉണ്ട് (2 പത്രോസ് 1:3). ദൈവം എന്തിന് വേണ്ടി ഒരു പ്രവൃത്തി ചെയ്യുന്നു എന്നു നാം മനസ്സിലാക്കണം. അതിന്റെ ഉദ്ദേശ്യവും സമയ പരിധിയും ഗ്രഹിക്കണം. തെറ്റിദ്ധാരണ പല കാരണ ങ്ങളാലുമുണ്ടാകുന്നു. പരിഹരിക്കാൻ വചന പരിജ്ഞാനമാണ് വേണ്ടത് (മർക്കോസ് 12:24). ആരും നമ്മെ തെറ്റിക്കാതിരിക്കുവാൻ സൂക്ഷിച്ചു കൊൾക. ദൈവത്തിന് ഇന്നും അത്ഭുതങ്ങൾ ചെയ്യുവാൻ കഴിയും. പക്ഷേ, ഉദ്ദേശ്യമില്ലാതെ ദൈവം ഒന്നും പ്രവർത്തിക്കുകയില്ല. ഇന്ന് മനുഷ്യർക്ക് വിശ്വാസം വരേണ്ടത് അത്ഭുതങ്ങൾ കണ്ടല്ല, മറിച്ച് വചനം കേട്ടിട്ടാണ് (റോമർ 10:17).

അത്ഭുതങ്ങളും രോഗശാന്തിയും മനുഷ്യർ ഇഷ്ടപ്പെടുന്നവയാണ്. എവിടെയെങ്കിലും വല്ല പുതുമയും നടന്നു എന്നു കേട്ടാൽ അവിടേക്ക് ജനങ്ങൾ പ്രവഹിക്കും. അത് മുതലെടുക്കുന്ന മേലദ്ധ്യക്ഷന്മാരുണ്ട്. അത് ദൈവസന്നിധിയിൽ കുറ്റകരമാണ്. ഇന്ന് നമുക്ക് ആവശ്യം ശാരീരിക സൗഖ്യത്തെക്കാൾ ആത്മാവിന്റെ സൗഖ്യമാണ്. ആത്മാവാണ് ശരീര ത്തെക്കാൾ മുഖ്യമായി കരുതേണ്ടത് (മത്തായി 16:26). നാം സന്തോഷി ക്കേണ്ടത് സ്വർഗ്ഗത്തിൽ നമ്മുടെ പേര് എഴുതുമ്പോഴത്രേ.

✶

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

## Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am<br>Every Thursday at 9.30 pm<br>Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm<br>www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From

THE BIBLE TRUTH

Church of Christ

Thampuranmukku,

Trivandrum-35

Kerala, India.

Phone: 2303378